**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3031** **10-03-2025 - ൽ മറുപടിയ്ക്ക്**

**വക്കം മങ്കുഴി മൽസ്യമാർക്കറ്റ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം മങ്കുഴി മൽസ്യമാർക്കറ്റിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം മത്സ്യ മാർക്കറ്റിന് 195 ലക്ഷം രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിച്ചു. ആയത് അനുസരിച്ച് പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുള്ളതും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്, ടെൻഡർ ഫയൽ എന്നിവ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് ലഭ്യമാകുമ്പോൾ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. 398.31 $m^2$ വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന മത്സ്യ മാർക്കറ്റിന് ഫിഷ് സ്റ്റാൾ 18 എണ്ണം, ബുച്ചർ സ്റ്റാൾ 3 എണ്ണം, ഷോപ്പ് 8 എണ്ണം, സ്റ്റോർ റൂം 1 എണ്ണം, പ്രിപ്പറേഷൻ റൂം 1 എണ്ണം, ഫ്രീസർ റൂം 1 എണ്ണം, ലേഡീസ് ടോയ്‌ലറ്റ്, ജന്റ്സ് ടോയ്‌ലറ്റ്, ഡിസേബിൾഡ് ടോയ്‌ലറ്റ്, വാഷ് ഏരിയ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ